## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 8045 — 24.07.2012- ൽ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ അർബൻ സഹകരണ ബാങ്കുകളിലെ പ്രമോഷൻ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) | കോഴിക്കോട് ജില്ലയിലെ അർബൻ സഹകരണ ബാങ്കുകളിൽ ഫീഡർ കാറ്റഗറി റൂൾ നിലവിലില്ലാതെ ഏതെങ്കിലും ബാങ്കകളിൽ ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | സ്വീകരിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത സ്ഥാപനത്തിന്റെ പേരും സ്വീകരിച്ച നടപടികളുടേയും വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) | കുറ്റ്യാടി അർബൻ സഹകരണ ബാങ്കിലാണ് ഫീഡർ കാറ്റഗറി റൂൾ നിലവിലില്ലാതെ ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുള്ളത്. അപ്രകാരം നൽകിയിട്ടുള്ള പ്രമോഷൻ സംബന്ധിച്ച് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 66 പ്രകാരം പരിശോധന നടത്തി ടി നിയമത്തിലെ വകുപ്പ് 32(1) പ്രകാരം ടി ബാങ്കിന് നോട്ടീസ് നൽകിയിരുന്നു. ടി ബാങ്ക് ഭരണസമിതി ടി നോട്ടീസിനെതിരെ സർക്കാരിൽ അപ്പീൽ ഫയൽ ചെയ്യുകയും പ്രസ്തുത അപ്പീൽ 17.11.2011-ലെ ജി.ഒ.(ആർ.റ്റി)615/11/സഹ നമ്പർ പ്രകാരം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ അപ്പീൽ ഹർജിയ്ക്ക് കാരണമായ വിഷയങ്ങൾ ആരംഭിച്ചത് 2003 വർഷത്തിലാണ് എന്നും 8 വർഷങ്ങൾക്ക് ശേഷവും തുടർ നടപടികൾ |

പൂർത്തിയായിട്ടില്ലെന്നും അതിനിടയിൽ ഭരണ സമിതി മാറിയിട്ടുണ്ട് എന്നും, വ്യക്തമാക്കിയിട്ടുണ്ട്. കേസ് കാലഹരണപ്പെട്ട സാഹചര്യത്തിൽ പരിശോധന റിപ്പോർട്ടും ജോയിന്റ് രജിസ്ട്രാറുടെ 20.11.2008-ലെ സി. ആർ.ബി. 6634/04 നമ്പർ കത്തും ദുർബലപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവാകുകയും ബാങ്കിനോട് ജോയിന്റ് രജിസ്ട്രാർക്ക് പുതിയ അപേക്ഷ സമർപ്പിക്കുവാനും അതിന്മേൽ തീരുമാനമെടുക്കുവാനും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ കോഴിക്കോടിനോട് ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ബാങ്ക് സമർപ്പിച്ച അപേക്ഷ ബാങ്കിന്റെ ഉത്തമ താല്പര്യം പരിഗണിച്ചും ബാങ്കിന്റെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി കണക്കിലെടുത്തും ജീവനക്കാരെ നിയമിച്ച നടപടിയും അവർക്ക് ഉദ്യോഗക്കയറ്റം നൽകിയ നടപടിയും അംഗീകരിച്ച് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉത്തരവ് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ